നമ്പർ.സി5/44258/2017/റ്റി.സി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി: 14/03/2018

# സർക്കുലർ 06/2018

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ഭിന്നശേഷിക്കാർക്ക് ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ/ മാനദണ്ഡങ്ങൾ - സംബന്ധിച്ച്:-

സൂചന :-
1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 22/08/2017 തീയതിയിലെ എച്ച്.ആർ.എം.പി നമ്പർ 718/2017 & 1012 /2017 ഉത്തരവ്
2. അണ്ടർ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരത്തിന്റെ 07/12/2017 )0 തീയതിയിലെ 127/ഡി3/17/സാ.നീ.വ നമ്പർ കത്ത്
3. വിവിധ ജില്ലകളിലെ ഭിന്നശേഷിക്കാർ/സംഘടനകൾ ഈ ഓഫീസിൽ സമർപ്പിച്ച നിവേദനങ്ങൾ

നമ്മുടെ സമൂഹത്തിൽ ഒരു വലിയ വിഭാഗം ഭിന്നശേഷിയുള്ള പൗരന്മാർ ജീവിക്കുന്നുണ്ട്. ഇത്തരം ആളുകൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന ഏറ്റവും വലിയൊരു പ്രശ്നം യാത്രാ സൗകര്യമില്ലാത്തതാണ് (mobility). ഭിന്നശേഷിയുള്ള പൗരന്മാരുടെ സൗകര്യാർത്ഥം, മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളും കൃത്യമായും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. മോണോക്കുലർ വിഷൻ മാത്രമുള്ള വ്യക്തികൾക്ക് നോൺ കൊമേഴ്സ്യൽ കാറുകളും മോട്ടോർ സൈക്കിളും ഓടിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഡ്രൈവിംഗ് ലൈസൻസ് നൽകാവുന്നതാണ്.

   എ അവശേഷിക്കുന്ന കണ്ണിന്റെ കാഴ്ചശക്തി 6/12 അല്ലെങ്കിൽ അതിനേക്കാൾ മെച്ചപ്പെട്ടതായിരിക്കണം

   ബി തിരശ്ചീനമായ ദൃശ്യതലം 120 ഡിഗ്രി അല്ലെങ്കിൽ അതിൽ കൂടുതൽ ഉള്ളതായി ഗോൾഡ്മാൻ പെരിമെട്രി/കൺഫ്രണ്ടേഷൻ ടെസ്റ്റിൽ തെളിയണം

   സി ഒരു കണ്ണ് നഷ്ടപ്പെടുകയോ കണ്ണിന്റെ കാഴ്ചശക്തി നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ മതിയായ സമയം (ആറ് മാസം) സാധാരണ ജീവിതവുമായി ഇണങ്ങിച്ചേരാനുള്ള അവസരം നൽകിയശേഷമേ ടെസ്റ്റ് നടത്താവൂ.

2. കേൾവിക്ക് ഭിന്നശേഷിയുള്ള വ്യക്തികൾക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഡ്രൈവിംഗ് ലൈസൻസ് നൽകാവുന്നതാണ്.

വാഹനത്തിന്റെ ഡ്രൈവർ കേൾവിക്ക് ഭിന്നശേഷിയുള്ളയാളാണെന്ന് സൂചിപ്പിക്കുന്ന ചിഹ്നം വാഹനത്തിൽ പതിപ്പിക്കണം. ഇത്തരം അപേക്ഷകരുടെ ഡ്രൈവിംഗ് ടെസ്റ്റ് മറ്റ് സാധാരണ അപേക്ഷകരുടെ ഡ്രൈവിംഗ് ടെസ്റ്റ് പോലെതന്നെ നടത്തേണ്ടതും ടെസ്റ്റ് പാസ്സായാൽ ഡ്രൈവിംഗ് ലൈസൻസ് നൽകേണ്ടതുമാണ്.

3. ഭിന്നശേഷിക്കാരായ വ്യക്തികൾ അവരവരുടെ ശാരീരികക്ഷമതയ്ക്കനുസരിച്ച് Retrofit ചെയ്തതോ കമ്പനി നിർമ്മിച്ച Invalid Carriage/Automatic Clutch / Automatic Gear എന്നിവ ഘടിപ്പിച്ച വാഹനമോ സഹിതം ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഡ്രൈവിംഗ് ലൈസൻസിന് അത്തരം വാഹനം പരീക്ഷാർത്ഥി തന്നെ ഹാജരാക്കേണ്ടതാണ്.

എ) ഭിന്നശേഷിയുള്ള വ്യക്തികൾ ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ/ഓർത്തോപീഡിക് സർജ്ജൻ എന്നിവരിലാരിലെങ്കിലും നിന്ന് ലഭിച്ച നിർദ്ദേശപ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ വാഹനം ഓടിക്കുവാനാണ് ലൈസൻസിന് അപേക്ഷിക്കേണ്ടത്

ബി) ഭിന്നശേഷിക്കാരായ വ്യക്തികൾ തങ്ങളുടെ ശേഷിക്കനുസരിച്ച് അനുയോജ്യമായ മാറ്റം വരുത്തി രജിസ്റ്ററിംഗ് അതോറിറ്റി പരിശോധിച്ച് നിന്നും അംഗീകാരം നൽകിയിട്ടുള്ള ഓട്ടോമാറ്റിക് ക്ലച്ച്, ഓട്ടോ മാറ്റിക് ഗിയർ എന്നിവ സജ്ജീകരിച്ചിട്ടുള്ള വാഹനങ്ങളോ ഇൻവാലിഡ് കാര്യേജ് വാഹനങ്ങളോ ഏതെങ്കിലുമൊന്ന് ടെസ്റ്റിനായി കൊണ്ടുവരേണ്ടതാണ്. അപേക്ഷകന് അയാളുടെ കൈകളോ കാലുകളോ കൈകാലുകളുടെ സംയുക്തമായ ഉപയോഗത്തോടെയോ പ്രസ്തുത വാഹനം അനായാസകരമായി ഓടിക്കുവാനും തനിയ്ക്കും മറ്റ് റോഡ് ഉപഭോക്താക്കൾക്കും അപകടരഹിതമായും സുരക്ഷിതമായും പൂർണ്ണനിയന്ത്രണത്തോടും ഓടിയ്ക്കുവാൻ കഴിയുമെന്ന് ഡ്രൈവിംഗ് ടെസ്റ്റിൽ ലൈസൻസിംഗ് അതോറിറ്റിയ്ക്ക് ബോദ്ധ്യമാകുന്ന പക്ഷം ഇത്തരം വാഹനങ്ങൾ ഓടിക്കുന്നതിന് അപേക്ഷകന് ഡ്രൈവിംഗ് ലൈസൻസ് നൽകേണ്ടതാണ്.

4. സർക്കാർ ആശുപത്രിയിലെ ഓർത്തോസർജ്ജൻ /ഒപ്താൽമോളജിസ്റ്റ് / ഇ.എൻ.ടി സ്പെഷ്യലിസ്റ്റ് എന്നിവരിൽനിന്നും അപേക്ഷകന്റെ ഭിന്നശേഷിക്കനുസൃതമായി പൂർണ്ണമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഫോറം IAയിൽ ലഭ്യമാക്കേണ്ടതാണ്. ഡ്രൈവിംഗ് ടെസ്റ്റ് നടത്തിയ ഉദ്യോഗസ്ഥന് അപേക്ഷകന് ലൈസൻസ് നൽകുന്നതിൽ അനുകൂല തീരുമാനം എടുക്കുവാൻ കഴിയുന്നില്ലെങ്കിൽ അദ്ദേഹത്തിന് മറ്റൊരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുമായി ചേർന്ന് ടീമായി വീണ്ടും ടെസ്റ്റ് നടത്തേണ്ടതും കൃത്യമായ അപാകതകൾ ഇല്ലാത്ത പക്ഷം ലൈസൻസ് നൽകേണ്ടതും അല്ലാത്ത പക്ഷം 14 ദിവസത്തെ പരിശീലനം നടത്തി വീണ്ടും ടെസ്റ്റിന് ഹാജരാകേണ്ടതുമാണ്. ഇത്തരം അപേക്ഷകർക്ക് ടെസ്റ്റ് സമയത്ത് മുൻഗണന നൽകേണ്ടതാണ്. കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ അവർക്കു മാത്രമായി പ്രത്യേക ദിവസം ക്യാമ്പ് നടത്തി ഡ്രൈവിംഗ് ലൈസൻസ് നൽകേണ്ടതാണ്.

ഭിന്നശേഷിയുള്ള വ്യക്തികൾക്ക് സുരക്ഷിതമായി വാഹനം ഓടിക്കുവാൻ സാധിക്കുമെന്ന് ഉറപ്പായാൽ അവരുടെ സാധാരണ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിന് വളരെ അത്യാവശ്യമായ ഡ്രൈവിംഗ് ലൈസൻസ് അനുവദിച്ച് നൽകണമെന്നതിലായിരിക്കണം ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റിയുടെ മുൻഗണന.

5. ഭിന്നശേഷിയുള്ള വ്യക്തികൾക്ക് മാത്രമായി 6 മാസത്തിൽ ഒരിക്കൽ ലേണേഴ്സ് ലൈസൻസ് & ഡ്രൈവിങ്ങ് ടെസ്റ്റ് നടത്തണം. ഇത്തരം സന്ദർഭങ്ങളിൽ, ലിഫ്റ്റ് സൗകര്യം ഇല്ലാത്ത ഓഫീസുകളിൽ ലേണേഴ്സ് ടെസ്റ്റ് നടത്തുവാൻ താഴത്തെ നിലയിലോ, സൗകര്യപ്രദമായി എത്താൻ കഴിയുന്ന അടുത്തുള്ള മറ്റേതെങ്കിലും സ്ഥലത്തോ സജ്ജീകരണം നടത്തേണ്ടതാണ്.

6. സർക്കുലറിലെ കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ബോർഡുകൾ എല്ലാ ആർ.ടി.ഒ/സബ്.ആർ.ടി. ഓഫീസുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

7. ലേണേഴ്സ് ലൈസൻസ് നൽകുമ്പോൾ ഈ സർക്കുലറിന്റെ പകർപ്പ് അവർക്ക് നൽകണം.

01-04-2018 മുതൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

A. P
**ഗതാഗത കമ്മീഷണർ** 16/3/18

16/03/18